മാതൃഭൂമി
16/02/2022

# ചെറുകിട ജലവൈദ്യുത പദ്ധതി: മൂന്ന് കമ്പനികളുമായി കരാറായി

**തിരുവനന്തപുരം** ▸ എനർജി മാനേജ്മെൻറ് സെൻററിൽ പ്രവർത്തിക്കുന്ന സ്മോൾ ഹൈഡ്രോ പ്രൊമോഷൻ സെൽ വഴി സർക്കാർ സ്വകാര്യസംരംഭകർക്ക് അനുവദിച്ച പദ്ധതികളിൽ മൂന്നെണ്ണം നടപ്പാക്കാനായി വൈദ്യുതിമന്ത്രി കെ. കൃഷ്ണൻകുട്ടിയുടെ സാന്നിധ്യത്തിൽ കമ്പനികളുമായി കരാർ ഒപ്പുവെച്ചു. ആകെ 12.75 മെഗാവാട്ട് സ്ഥാപിത ശേഷിയുള്ളതാണ് പദ്ധതികൾ.

പാലക്കാട് ആറ്റിലയിൽ ദർശൻ ഹൈഡ്രോ പവർ പ്രോജക്ട്സ് പ്രൈവറ്റ് ലിമിറ്റഡ് നിർമിക്കുന്ന ആറു മെഗാവാട്ട് വീതം ശേഷിയുള്ള രണ്ടു പദ്ധതികൾ, ഇടുക്കി കാങ്ങാപ്പുഴയിൽ നെൽസൺസ് റിന്യൂവബിൾ എനർജി പ്രൈവറ്റ് ലിമിറ്റഡിൻെറ 0.75 മെഗാവാട്ട് ശേഷിയുള്ള ഒരു പദ്ധതി എന്നിവയുടെ കരാറാണ് ഒപ്പുവെച്ചത്. ഈ കമ്പനികൾ 36 മാസത്തിനുള്ളിൽ പദ്ധതി കമ്മിഷൻ ചെയ്യണം. സർക്കാരിനെ പ്രതിനിധാനം ചെയ്ത് ഊർജവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി രാജേഷ് കുമാർ സിൻഹ കരാറിൽ ഒപ്പുവെച്ചു.

എനർജി മാനേജ്മെൻറ് സെൻറർ വഴി 50.11 മെഗാവാട്ട് ശേഷിയുള്ള എട്ട് ചെറുകിട ജലവൈദ്യുത പദ്ധതികൾ സംസ്ഥാനത്ത് നടപ്പാക്കിയിട്ടുണ്ട്. ഇതിൽ ആനക്കാംപൊയിൽ, അരിപ്പാറ എന്നിവ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കമ്മിഷൻ ചെയ്തവയാണ്.

ചടങ്ങിൽ കമ്പനികളെ പ്രതിനിധാനം ചെയ്ത് ടി.കെ. സുന്ദരേശൻ, അജയ് സുന്ദരേശൻ, ജയദീപ് സുന്ദരേശൻ, വൈ. സ്ലീബാച്ചൻ, നെൽസൺ സെബാസ്റ്റ്യൻ എന്നിവരും ഇ.എം.സി. ഡയറക്ടർ ഡോ ആർ. ഹരികുമാറും പങ്കെടുത്തു.